# SY-408

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2025**

Part – II

Time : $2\frac{1}{2}$ Hours

**മലയാളം**

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ 2 ഉത്തരം വിതം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വിതം.** **(5 × 2 = 10)**

1. മോഷണം എന്ന കവിതയുമായി ബന്ധിപ്പിക്കാവുന്ന രണ്ട് സവിശേഷതകൾ എടുത്തെഴുതുക.
   - ആക്ഷേപ ഹാസ്യരൂപത്തിൽ സാമൂഹിക വിമർശനം നിർ വഹിക്കുന്നു
   - അനുഷ്ഠാന കലാരൂപത്തിൽ ഉൾപ്പെടുന്നു
   - കാല്പനിക കവിത
   - നാടകീയതയും നർമ്മവും ചേർന്നുവരുന്ന രചനാരീതി

2. കേശിനി ഒളിഞ്ഞുനിന്നു കണ്ട ബാഹുകന്റെ പ്രവൃത്തി കളിൽ രണ്ടെണ്ണം എഴുതുക.
   - ബാഹുകന്റെ അസ്ത്രവിദ്യാപാടവം
   - ബാഹുകന്റെ രസകരമായ സംഭാഷണം
   - ബാഹുകൻ സ്മരിച്ച മാത്രയിൽ അഗ്നി ഉദാരമായി കത്തിയത്
   - ബാഹുകന്റെ സ്പർശത്താൽ പൂക്കൾ ശോഭയോടെ വിളങ്ങിയത്

3. ദയാബായിയുമായി യോജിക്കുന്ന രണ്ട് പ്രസ്താവനകൾ എഴുതുക ?

- അടിസ്ഥാനവർഗത്തിനു വേണ്ടി പ്രയത്നിച്ചു
- പച്ചവിരൽ എന്ന ആത്മകഥ രചിച്ചു
- സ്വന്തം കുടുംബ ജീവിതത്തിന് പ്രാധാന്യം നൽകി
- മാജിക്കൽ റിയലിസം എന്ന രചനാ സങ്കേതം സാഹിത്യത്തിൽ കൊണ്ടുവന്നു.

4. പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ കുട്ടികൾ നേടുന്ന സ്വാതന്ത്ര്യത്തെ മാജിക്കൽറിയലിസത്തിന്റെ സഹായത്തോടെ കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

- മാഡ്രിഡിലേയ്ക്ക് താസമം മാറ്റിയത്
- അടുക്കളയുടെ ആകാശത്ത് സ്വന്തം ചിറകുകൾ വിടർത്തിപ്പറന്ന വീട്ടുപകരണങ്ങൾ
- വർഷാവസാനത്തിൽ മാതൃകാവിദ്യാർത്ഥികളായി വാഴ്ത്തപ്പെട്ടത്
- പൊട്ടിയ ബൾബിൽ നിന്ന് തണുത്ത വെള്ളത്തിന്റെ കുത്തൊഴുക്കുപോലെ സ്വർണപ്രകാശം പുറത്തേയ്ക്ക് ഒഴുകാൻ തുടങ്ങിയത്.

5. "എന്തെന്തു സുന്ദരരംഗങ്ങളാണ് മുമ്പിൽ വിടർന്നു നിൽക്കുന്നത് !" ലേഖകന്റെ ഈ പ്രസ്താവനയുമായി ബന്ധപ്പെട്ടുനിൽക്കുന്ന രണ്ട് ദൃശ്യങ്ങൾ എഴുതുക ?

- ഗന്ധകശേഖരമുള്ള ഗന്ധമാന പർവതം
- നീലകണ്ഠശൈലം
- സ്വർണ്ണത്താഴിക ക്കുടത്തോടുകൂടിയ ബദരീനാരായണ ക്ഷേത്രം
- ത്രിവേണീസംഗമം

6. അഗ്നിവർണന്റെ കാലുകളിൽ കാണുന്ന തനതു നാടക സവിശേഷതകൾ എഴുതുക ?

- സമകാലിക ജീവിത സമസ്യകളെ രംഗത്തവതരിപ്പിക്കുന്നു
- ക്ലാസിക്കൽ കലാരൂപത്തിൽ ഉൾപ്പെടുന്നു
- ആട്ടവും പാട്ടും കൊട്ടും ചേർന്ന അവതരണരീതി
- സംസ്കൃത ഭാഷയിലുള്ള സംഭാഷണം

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

7. "അന്ന വസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്കു തമ്പുരാൻ." ഈ വരികളിലെ ആശയം കണ്ടെത്തുക ?

8. മാപ്പിളപ്പാട്ടിലെ ഏതെങ്കിലും രണ്ട് വിഭാഗങ്ങളുടെ പേരെഴുതുക.

9. "സച്ചിനില്ലാത്ത ക്രിക്കറ്റിനെക്കുറിച്ച് എനിയ്ക്കു് ആലോചിക്കാനാവും, പക്ഷേ, ക്രിക്കറ്റില്ലാത്ത സച്ചിനെക്കറിച്ച് എനിയ്ക്കു ചിന്തിയ്ക്കാനാവില്ല." എന്ന് അഞ്ജലി ടെണ്ടുൽക്കർ പറഞ്ഞത് എന്തുകൊണ്ടാവാം ?

10. "കൊല്ലുന്നതിനെക്കാളും ശല്യമായിട്ടുള്ളൊരു കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം." ശീലാവതി ഇപ്രകാരം പറയാനിടയായ സാഹചര്യമെന്ത് ?

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വിതം.** **(6 × 4 = 24)**

11. "കുട്ടികളുടെ മാന്ത്രികഭാവനയിൽക്കൂടി മാഡ്രിഡ് എന്ന യൂറോപ്യൻ പരിഷ്കൃത നഗരത്തോട് മധുര പ്രതികാരം ചെയ്യുകയാണ് കഥാകാരൻ." ഈ പ്രസ്താവന ശരിയോ ? നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

12. നളചരിതം ആട്ടക്കഥയിൽ ഉണ്ണായിവാര്യർ പ്രധാന കഥാപാത്രങ്ങൾക്കൊപ്പം തന്നെ മിഴിവോടെ അവതരിപ്പിച്ചരിക്കുന്ന ഒരു കഥാപാത്രമാണ് കേശിനി. ഒരു തോഴി എന്ന നിലയിൽ കേശിനി തന്റെ ദൗത്യം എത്ര ഭംഗിയായി അവതരിപ്പിച്ചരിക്കുന്നു-കുറിപ്പ് തയ്യാറാക്കുക ?

13. ഐതിഹ്യങ്ങളും ചരിത്രവസ്തുതകളുമാണ് യമുനോത്രിയുടെ ഊഷ്മളതയിൽ എന്ന പാഠഭാഗത്തെ ആകർഷകമാക്കുന്നത്. പാഠഭാഗത്തുനിന്നും ഉദാഹരണങ്ങൾ കണ്ടെത്തി സമർത്ഥിക്കുക ?

14. ഇന്റർനെറ്റിന്റെ ഉപയോഗം ടി.പി. ശ്രീധരന്റെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ? ഇന്നത്തെ തലമുറയിലും ഇവയുടെ സ്വാധീനം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നണ്ടോ ? ചർച്ച ചെയ്യുക.

15. ഉപഭോഗ സംസ്ക്കാരത്തിന്റെ കപടമുഖമാണോ അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ കാണാൻ കഴിയുന്നത് ? വിശദമാക്കുക.

16. തേങ്ങ എന്ന കവിതയിൽ ഹാസ്യത്തിന് കാരണമാവുന്ന വസ്തുതകൾ എന്തൊക്കെയാണ് ?

17. താഴെക്കൊടുത്തിരിയ്ക്കുന്ന സൂചനകൾ പട്ടികപ്പെടുത്തുക.

മഞ്ജുതരം, മറിയക്കുട്ടിയുടെ കത്ത്, ഓർത്താൽ വിസ്മയം, വെള്ളപ്പൊക്കമാല

| പുലിക്കോട്ടിൽ ഹൈദർ | കലാമണ്ഡലം ഹൈദരലി |
|---|---|
| 1. | 1. |
| 2. | 2. |

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വിതം.** **(3 x 6 = 18)**

18. കണ്ണാടികാണ്മോളവും എന്ന പാഠഭാഗത്തിൽ എഴുത്തച്ഛൻ ശകുന്തളയെക്കൊണ്ട് പറയിപ്പിക്കുന്ന ലോകോക്തികൾ വാസ്തവത്തിൽ സമൂഹത്തിനുള്ള ഉപദേശങ്ങളായി മാറുന്നുണ്ടോ ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക ?

19. ലോകമെന്നാകെ നവമാധ്യമങ്ങൾ അടക്കിവാഴുന്ന ആധുനികകാലത്ത് പരമ്പരാഗത മാധ്യമങ്ങളുടെ നിലനിൽപ്പ് എത്രത്തോളം സാധ്യമാകുന്നവെന്ന് വിശദമാക്കുക ?

20. കേരളീയമായ ജീവിതസാഹിചര്യങ്ങളിൽ നിന്ന് രൂപപ്പെട്ട കവനശേഷിയുടെ ഉടമയാണ് പുലിക്കോട്ടിൽ ഹൈദർ. വിശകലനം ചെയ്യുക ?

21. ഈ ആധുനികകാലത്തും ശീലാവതിയെപ്പോലുള്ള സ്ത്രീ ജീവിതങ്ങളെ സമൂഹത്തിൽ കാണാൻ കഴിയും. പാഠഭാഗവുമായി ബന്ധിപ്പിച്ച് ഈ പ്രസ്താവനയെ വിലയിരുത്തുക ?

താഴെക്കൊടുത്തിരിയ്ക്കുന്ന കവിതാഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 സ്കോർ വീതം. (3 × 2 = 6)

പക്ഷിശാസ്ത്രം

വെയിലാറുന്നു, വഴി –
യോരത്തെ മരച്ചോട്ടിൽ
വെറുതേ പക്ഷിശാസ്ത്ര –
ക്കാരനുണ്ടിരിക്കുന്നു.
അട്ടിയായടുക്കിയ
ഭാഗ്യച്ചീട്ടുകളും കൈ –
പ്പെട്ടിതൻ വലിപ്പിത്തി –
ലുള്ളൊരു പക്ഷിക്കൂടും !
പഴത്തിൻ നുറുങ്ങുകൾ
പാത്രത്തിലുണ്ടെന്നാലും
അഴികൾക്കുള്ളിൽ പക്ഷി –
യെന്തിനോ കാരോർക്കും പോൽ
ഇനിയുമയാൾ വിരൽ
ഞൊടിച്ചു വിളിച്ചാലോ......?
ഇനിയുമഴിവാതിൽ
പതുക്കെ തുറന്നാലോ ......?
നിരത്തിലിരമ്പുന്നൂ
ജീവിതം; അതുപേറു –
മരിയ സ്വപ്നങ്ങളുൽ –
ക്കണ്ഠകൾ സന്ദേഹങ്ങൾ
കൊച്ചുനാണ്യങ്ങൾ മുന്നി –
ലെറിയുന്നേരം, പക്ഷി
കൊത്തുന്ന ചീട്ടിൽ ഭാവി
കൺ ചിമ്മിയുണരുന്നു.

*(ഒ.എൻ.വി. കുറുപ്പ്)*

22. പക്ഷിശാസ്ത്രക്കാരന്റെ കൈവശമുള്ളതെന്തെല്ലാം ?

23. പക്ഷി കാതോർക്കുന്നതെന്തിന് ?

24. നിരത്തിൽ ഇരമ്പുന്ന ജീവിതത്തിൽ എന്തെല്ലാമാണുള്ളത് ?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

25. ആൺഗൗളിയുടെ ജീവിതത്തിൽ നിന്നും പെൺഗൗളി അപ്രത്യക്ഷയാകുന്ന സന്ദർഭത്തെ സ്വത്വബോധമുള്ള ഒരു സ്ത്രീയുടെ ആണഹന്തയ്ക്കു നേരെയുള്ള വെല്ലുവിളിയായി കാണുവാൻ കഴിയുമോ ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക ?

26. "പാർശ്വവത്ക്കരിക്കപ്പെട്ട ഒരു ജനതയുടെ ദൈന്യതയും, നഷ്ടപ്പെട്ടുപോകുന്ന പ്രകൃതിയെക്കുറിച്ചുള്ള ആധിയും പങ്കുവയ്ക്കുന്ന കവിതയാണ് കിരാതവൃത്തം." ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കിരാതവൃത്തം എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക ?

27. കേവലരാമൻ, ചിന്താരാമൻ, കൊത്തുവാൾ, അടിച്ചുതളിക്കാരി എന്നീ കഥാപാത്രങ്ങളിലൂടെ നാടകകൃത്ത് മുന്നോട്ടുവയ്ക്കുന്ന സാമൂഹിക വിമർശനതലം എന്താവാം ? ചർച്ചചെയ്യുക ?

---